Page 1 of 2

(എ-സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിക്കുകയും തുടർന്ന് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് (BD/54/2013/Design/HW) ലഭിക്കുകയും ചെയ്തു. 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി 5000 ലക്ഷം രൂപ അടങ്കലിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടതിനാൽ ഭരണാനുമതിക്കായി വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള അലൈൻമെന്റ് പ്ലാനനുസരിച്ച് ടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഇരു വശങ്ങളിൽനിന്നും ഏകദേശം 133 ആർ. സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഏകദേശം 600 മീറ്ററോളം സ്ഥലം തണ്ണീർത്തടത്തിൽ ഉൾപ്പെട്ടതിനാൽ കൃഷി വകുപ്പിൽനിന്നും നിലപരിവർത്തനാനുമതി ലഭ്യമായാൽ മാത്രമേ അപ്രോച്ച് റോഡിനായി സ്ഥലമേറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

ഹരിപ്പാട് കോരംകുഴി പാലം

82(692) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന്റെ ഭരണാനുമതി വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ;

&

(ബി) പ്രസ്തുത വർക്കിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോരംകുഴി പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നെങ്കിലും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. ബഡ്ജറ്റ് വിഹിതം ഉറപ്പാക്കി ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പാലങ്ങൾ

83(693) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കണ്ടുചിറ പാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടു ചിറപാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

കുണ്ടുചിറപാലം പ്രവൃത്തിക്ക് 30-6-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 19-9-2017-ലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 10.17 കോടി രൂപയ്ക്ക് കിഫ്ബിയുടെ ഭരണാനുമതിയും നൽകി. ഇൻലാൻഡ് നാവിഗേഷൻ റ്റീയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ആയതുപ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച്, സാങ്കേതികാനുമതി ലഭ്യമായശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പുളിഞ്ഞോളിക്കടവ് പാലം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ റ്റീയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പുതുക്കിയശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി വിശദമായ പദ്ധതിരേഖ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

ചിറമംഗലം റെയിൽവേ മേൽപ്പാലം

84(694) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ചിറമംഗലം റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

27-4-2018-ലെ സ.ഉ.(സാധാ)നമ്പർ 780/2018/പൊ.മ.വ. പ്രകാരം ചിറമംഗലം റെയിൽവേ ലെവൽ ക്രോസിംഗ് നമ്പർ 173-ൽ പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly